# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **533** | **24.07.2015**-ൽ മറുപടിക്ക്

## കാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>" ആർ. സെൽവരാജ്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" വി.റ്റി. ബൽറാം | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈദ്യശാസ്ത്ര മേഖലയിൽ ക്യാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | (എ) | ക്യാൻസർ രോഗം കേരളത്തിലെ വൈദ്യശാസ്ത്ര മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നു എന്നത് പ്രതിദിനം വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിൽ നിന്ന് അനുമാനിക്കാവുന്നതാണ്. തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്ററിന്റെ കണക്കുകൾ പ്രകാരം പ്രതിവർഷം നമ്മുടെ സംസ്ഥാനത്ത് 50,000 (അൻപതിനായിരം) പുതിയ ക്യാൻസർ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതായും 20,000 (ഇരുപതിനായിരം) ത്തോളം പേർ മരിക്കുന്നതുമായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ എണ്ണത്തിനാനുപാദികമായി സർക്കാർ മേഖലയിൽ ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ല എന്ന വസ്തുത, ക്യാൻസർ ചികിത്സാ രീതികളുടെ ഭാരിച്ച സാമ്പത്തിക ബാധ്യത എന്നിവ ഈ രംഗത്ത് ഏറെ വെല്ലുവിളികൾ സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് റീജ്യണൽ ക്യാൻസർ സെന്ററുകളെ ശക്തിപ്പെടുത്തുകയും പുതിയ ക്യാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>ക്യാൻസർ ചികിത്സ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു. ഈ സെന്ററിലൂടെ രോഗ നിർണ്ണയവും, കീമോതെറാപ്പിയും നൽകി വരുന്നു. ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും വാർഷിക പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. ആശാ പ്രവർത്തകർ, കുടുംബശ്രീ വോളന്റിയർമാർ എന്നിവരെ സഹകരിപ്പിച്ചുകൊണ്ട് പ്രത്യേക ക്യാൻസർ സ്ക്രീനിംഗ് പരിപാടികൾക്ക് ആരോഗ്യവകുപ്പ് പദ്ധതി ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ക്യാൻസർ ചികിത്സ സൗജന്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ മേഖലയിലെ 8 (എട്ട്) പ്രധാന ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ആർ.എസ്.ബി.വൈ, ചിസ് പ്ലസ്, താലോലം, ആർ.ബി.എസ്.കെ-എ.കെ തുടങ്ങിയ പദ്ധതികളും ക്യാൻസർ ചികിത്സാ സഹായത്തിനായി നിലവിലുണ്ട്. ക്യാൻസർ ബോധവൽക്കരണ പ്രവർത്തനവും, സ്കൂൾ കോളേജ് തലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന നിർദ്ധനരായ കാൻസർ രോഗികൾക്ക് സുകൃതം, കാരുണ്യ, ആർ.എസ്.ബി.വൈ എന്നീ പദ്ധതികൾ വഴി പരമാവധി സൗജന്യ ചികിത്സ നൽകിവരുന്നു. 2014-15 സാമ്പത്തിക വർഷം കാൻസർ രോഗചികിത്സ സൗജന്യമാക്കുവാനായി സർക്കാർ സുകൃതം പദ്ധതി നടപ്പിലാക്കുകയും ടി പദ്ധതിയിനത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾക്കുവേണ്ടി 11 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.<br><br>കാൻസർ മറ്റു കാരണങ്ങൾക്കു പുറമേ ജീവിതശൈലിയുമായി ബന്ധപ്പെട്ട ഒരു രോഗമാണ്. അതിനെ പല വിധത്തിലും നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ ആർ.സി.സി. ആവിഷ്കരിച്ച് വരുന്നു. ജനങ്ങളെ ഈ രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവൽക്കരണം ആർ.സി.സി.യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകൈ എടുത്ത് നടത്തി വരുകയും ചെയ്യുന്നു. ഇതു കൂടാതെ നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളകാൻസർ മുതലായവ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി. നടത്തി വരുന്നു. സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പദ്ധതികളും ആർ.സി.സി സംഘടിപ്പിക്കാറുണ്ട്. കാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങളും ആർ.സി.സി.യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൻസർ ഗവേഷണത്തിനും, നമ്മുടെ നാടിന് യോജിച്ചതുമായ കാൻസർ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി. മുൻഗണന നൽകിയിട്ടുണ്ട്.<br><br>2014 ജനുവരി മാസം കേരള ആരോഗ്യവകുപ്പും ആർ.സി.സി.യും ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള 63 NRHM ഡോക്ടർമാർക്കും 118 NRHM നഴ്സുമാർക്കും കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നേരത്തേ കണ്ടുപിടിക്കുന്നതി |

| | | | |
|---|---|---|---|
| | | | നാവശ്യമായ പ്രായോഗിക പരിശീലനവും ആർ.സി.സി. നൽകുകയുണ്ടായി.<br><br>മലബാർ കാൻസർ സെന്ററിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br><br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.<br><br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി വിഭാഗം.<br><br>• 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.എ. സ്കാനർ, സി.ടി.സ്കാൻ, 500 എം.എ. എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br><br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.<br><br>• ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.<br><br>• എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.<br><br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്.<br><br>• ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്<br><br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br><br>• ക്യാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br><br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>• 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്. |

| | | | |
|---|---|---|---|
| (ബി) | ക്യാൻസർ രോഗികളുടെ വർദ്ധനയ്ക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ചികിത്സയോടൊപ്പം ഗവേഷണത്തിനും ഊന്നൽ നൽകി ക്യാൻസർ വ്യാപനം തടയുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കുമോ ; | (ബി) | ക്യാൻസർ രോഗികളുടെ വർദ്ധനവ് ജനങ്ങളുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്.<br><br>മുൻകൂർ രോഗനിർണ്ണയം നടത്തി യഥാസമയത്ത് ചികിത്സ ലഭ്യമാകുന്ന പക്ഷം കാൻസർ രോഗം നല്ലൊരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. ഇതിനായി റീജ്യണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളിലൂടെയും കാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നു.<br><br>മലബാർ കാൻസർ സെന്റർ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഗവേഷണ കേന്ദ്രമായി വളർത്തികൊണ്ടുവരണമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഗവേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി മലബാർ ക്യാൻസർ സെന്ററിൽ താഴെ പറയുന്ന കമ്മിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.<br>1. സൈന്റിഫിക് അഡ്വൈസറി കമ്മിറ്റി (SAC)<br>2. ഇൻസ്റ്റിറ്റ്യൂഷനൽ റിവ്യൂ ബോർഡ് (IRB)<br>(എ) സൈന്റിഫിക് റിവ്യൂ കമ്മിറ്റി (SRC)<br>(ബി) ഇൻസ്റ്റിറ്റ്യൂഷനൽ എത്തിക്സ് കമ്മിറ്റി (IEC)<br>(സി) ഡാറ്റാ സേഫ്റ്റി & മോണിറ്ററിംഗ് ബോർഡ് (DSMB)<br>3. അക്കാദമിക് കൗൺസിൽ<br><br>കൂടാതെ മലബാർ കാൻസർ സെന്ററിൽ ഇതുവരെ 60 ഓളം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ക്യാൻസർ രോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും രോഗത്തെ ഫലപ്രദമായി നേരിടുന്നതിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ? | (സി) | ക്യാൻസർ ചികിത്സ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു. ഈ സെന്ററിലൂടെ രോഗനിർണ്ണയവും, കീമോതെറാപ്പിയും നൽകിവരുന്നു. ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും വാർഷിക പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. ആശാ പ്രവർത്തകർ, കുടുംബശ്രീ വോളന്റിയർമാർ എന്നിവരെ സഹകരിപ്പിച്ചുകൊണ്ട് പ്രത്യേക ക്യാൻസർ സ്ക്രീനിംഗ് പരിപാടികൾക്ക് ആരോഗ്യവകുപ്പ് പദ്ധതി ഒരുക്കിയിട്ടുണ്ട്.<br><br>ക്യാൻസർ ബോധവൽക്കരണ പ്രവർത്തനങ്ങൾ സ്കൂൾ കോളേജ് തലത്തിൽ എല്ലാവർഷവും നടത്തിവരുന്നു. ക്യാൻസറിന് കാരണമായേക്കാവുന്ന ഭക്ഷണരീതി, ക്യാൻസർ രോഗം വരാനുള്ള സാഹചര്യങ്ങൾ ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനുള്ള ജീവിതശൈലീമാറ്റങ്ങൾ എന്നിവ ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പുകയില, മദ്യം തുടങ്ങിയ |

ദുശീലങ്ങൾമൂലം ക്യാൻസർ വരുന്നു എന്ന അവബോധവും ആരോഗ്യവകുപ്പ് നൽകിവരുന്നു. മുൻകൂട്ടി കണ്ടെത്താവുന്ന ക്യാൻസറുകളുടെ സ്ക്രീനിംഗ് നടത്തുകയും ക്യാൻസർ രോഗബാധിതരെ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനും ഈ സ്ഥാപനത്തിലൂടെ സാധിക്കുന്നു.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിൽ ജനങ്ങൾക്ക് കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും അതിനുപുറമെ സൗജന്യ ചികിത്സയും നൽകുന്നുണ്ട്. RSBY, കാൻസർ സുരക്ഷാസ്കീം, കാരുണ്യ പദ്ധതി, സുകൃതം മുതലായ പദ്ധതികൾ നിലവിലുണ്ട്.

മുൻകൂർ രോഗനിർണ്ണയം നടത്തി യഥാസമയത്ത് ചികിത്സ ലഭ്യമാകുന്ന പക്ഷം കാൻസർ രോഗം നല്ലൊരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. ഇതിനായി റീജ്യണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളിലൂടെയും കാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നു.

മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവൽക്കരണത്തിനും,കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോ തെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ് , വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യതുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 'ആശ്വാസ് 'പദ്ധതിയുടെ കീഴിൽ കണ്ണൂർ ജില്ലയിലെ 81 പഞ്ചായത്തുകളിലും, ആറളം ഫാമിലും, ജില്ലാ ജയിലിലുമായി 83 ക്യാമ്പുകൾ ഈ പദ്ധതിയുടെ കീഴിൽ നടത്തുകയുണ്ടായി.

Deepu

**സെക്ഷൻ ഓഫീസർ**

-2-